പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3463

14.03.2017-ൽ
മറുപടിയ്ക്ക്

## വിമുക്ത ഭടൻമാർക്ക് ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി.അനിൽ കുമാർ | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കേന്ദ്ര ക്യാബിനറ്റ്, അർദ്ധസൈനിക വിഭാഗങ്ങളിലെ വിരമിച്ചവർക്ക് വിമുക്തഭട പദവി അനുവദിച്ചിട്ടുള്ളതിനാൽ പ്രതിരോധസേന വിഭാഗങ്ങളിലെ വിമുക്ത ഭടൻമാർക്ക് സംസ്ഥാന സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ അർദ്ധ സൈനിക വിഭാഗങ്ങളിലെ വിരമിച്ചവർക്കും നൽകണമെന്ന് 23.11.2012 ൽ ഉത്തരവായിട്ടുണ്ടോ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു ; | 23.11.2012 ലെ കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ 27011/100/2012-R&W-ാം നമ്പർ ഓഫീസ് മെമ്മോറാണ്ടം അനുസരിച്ച് വിവിധ അർദ്ധ സൈനിക സേനാവിഭാഗങ്ങളിൽ നിന്നും വിരമിച്ചവർക്ക് Ex-CAPF പദവി നൽകുകയും, അവർക്ക് പ്രതിരോധസേനയിൽ നിന്നും വിരമിച്ച വിമുക്തഭടൻമാർക്ക് നൽകി വരുന്നതുപോലെ അനുയോജ്യമായ ആനുകൂല്യങ്ങൾ സംസ്ഥാന സർക്കാർ നൽകുന്ന കാര്യത്തിൽ നടപടിയെടുക്കണമെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ ആഭ്യന്തര വകുപ്പിലോ, മറ്റ് വകുപ്പുകളിലോ ഇത് സംബന്ധമായ ഉത്തരവ് ലഭ്യമല്ല. |

| | |
|---|---|
| (ബി) ഈ വിഷയം സംബന്ധിച്ച് All India Central Para Military Forces Ex-Servicemen Welfare Association 26.8.2016 ൽ നൽകിയ നിവേദനത്തിൽ അനുഭാവപൂർവ്വമായ തീരുമാനം കൈക്കൊള്ളുമോ ? | പ്രതിരോധ സേനാവിഭാഗങ്ങളിലെ വിമുക്തഭടന്മാർക്ക് സംസ്ഥാന സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ അർദ്ധസൈനിക വിഭാഗങ്ങളിലെ വിരമിച്ചവർക്കും നൽകണമെന്ന് ആവശ്യപ്പെട്ട് All India Central Para Military Forces Ex-servicemen Welfare Association സമർപ്പിച്ച നിവേദനത്തിലെ ആവശ്യങ്ങൾ ഒട്ടനവധി വകുപ്പുകളുമായി ബന്ധപ്പെട്ട് തീരുമാനം എടുക്കേണ്ടതുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**